3. സേനാംഗങ്ങൾക്ക് കാലോചിതമായ ആധുനിക പരിശീലനം കൊടുക്കുന്നതിന് വിയ്യൂരിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

4. വിവിധ ഓഫീസുകളെ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പുതിയ ഫയർസ്റ്റേഷനുകൾ

52 [770] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുമെങ്കിൽ റാന്നി സീതത്തോട്ടിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുമെന്ന് ഉറപ്പു നൽകിയിരുന്നെങ്കിലും സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കാമെന്ന് ഉറപ്പുനൽകിയിട്ടും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് കമാന്റന്റ് നൽകിയ ലിസ്റ്റിൽ സീതത്തോട് ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീതത്തോട്ടിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീതത്തോട് പഞ്ചായത്ത് സൗജന്യമായി സ്ഥലം നൽകാമെന്ന ഉറപ്പു നൽകിയിരുന്നില്ല. സ്ഥലം എം.എൽ.എ. ഇലക്ട്രിസിറ്റി ബോർഡ് വക സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

(സി) നോംസ് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചുവരുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി

53 [771] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ ദേലംപാടി, കാറഡുക്ക, ബേഡകം, കുറ്റിക്കോൽ, പനത്തടി, കള്ളാർ പഞ്ചായത്തുകൾക്ക് ഉപകാര പ്പെടുന്ന തരത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മേൽ ഹർജിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-10-2003-ലെ ജി.ഒ. (ആർ‌ടി.) നം. 2060/2003/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പുതിയ ഫയർസ്റ്റേഷനുകൾ തുറക്കുന്നതിനായി ഒരു മുൻഗണനാ പട്ടിക അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) പരിശോധിച്ച് മറുപടി നൽകിയിട്ടുണ്ട്. (25-1-2002-ലെ 56204/എഫ്2/01/ ആഭ്യന്തരം കത്ത്പ്രകാരം)

മാളയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

54 [772] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഉന്നയിക്കപ്പെട്ട മാളയിൽ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർസ്റ്റേഷൻ തുറക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ല.

ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ

55 [773] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ അവസാന മായി പരിഷ്കരിച്ചത് എപ്പോഴായിരുന്നു;

(ബി) പ്രസ്തുത ചട്ടങ്ങളുടെ കാലോചിത പരിഷ്കരണം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly